# മടവൂർ വിഭാഗം സലഫികളോ...?!

**ഭാഗം – 2**

## തൗഹീദിലെ പിഴവ്

അബ്ദുൽമാലിക് മൊറയൂർ

സലഫീ ആദർശത്തിന്റെ മഹിമയും വിശുദ്ധിയും ഉൾകൊള്ളാനോ ഗ്രഹിക്കാനോ ഭാഗ്യം ലഭിച്ചിട്ടില്ലാത്തവരാണ് മടവൂർ വിഭാഗക്കാർ എന്നതിന് ചില ഉദാഹരണങ്ങൾ നാം കാണുകയുണ്ടായി.[1] സലഫിന്റെ മാർഗത്തിൽ നിന്ന് തെറ്റിയ സൂഫികളെയും, ഇബ്നുഅറബിയെയും ശിയാക്കളെയും, ളാഹിരികളെയും, ഇഖ്വാനികളെയും ക്വുബൂരികളെയുമെല്ലാം പുകഴ്ത്തുന്നവരും സിനിമയും, നാടകവും, സംഗീതവുമെല്ലാം ഇസ്ലാമിന്റെ പേരിൽതന്നെ അനുവദനീയമാക്കുകയും ചെയ്യുന്നവരാണിവർ എന്നും തെളിവുകൾ സഹിതം നാം വിവരിച്ചു. ഇനി അടിസ്ഥാനപരമായ തൗഹീദിന്റെ വിഷയത്തിൽ തന്നെ മടവൂരികൾ സലഫി ആദർശത്തിൽ നിന്ന് എത്രയോ വിദൂരതയിലാണെന്ന യാഥാർത്ഥ്യമാണ് കാണാൻ പോവുന്നത്. മുജാഹിദുകളെ കുറിച്ച് തൗഹീദിൽ വ്യതിയാനം വന്നവരെന്ന് പെരുമ്പറയടിച്ചു നടക്കുന്ന മടവൂർ വിഭാഗം പക്ഷെ അഖീദയുടെ പലവിഷയങ്ങളിലും മുഅ്തസിലികളുടെയും അശ്അരികളുടെയും ജഹ്മിയ്യാക്കളുടെയുമെല്ലാം പിഴച്ച പലവിശ്വാസങ്ങളും പേറിയാണ് നടക്കുന്നത് എന്നതാണ് സത്യം.

സലഫികളും ഇതര ആദർശക്കാരും അടിസ്ഥാനപരമായി വേർതിരിയുന്നത് തൗഹീദിന്റെ വിഷയത്തിലാണല്ലോ. തൗഹീദിന്റെ മൂന്ന് ഇനങ്ങളിലും സലഫുസ്സാലിഹുകൾ എങ്ങനെ വിശ്വസിച്ചോ അപ്രകാരം തന്നെ വിശ്വസിക്കുന്നവരാണ് സലഫികൾ. എന്നാൽ ഇതര ആദർശക്കാർ തൗഹീദിന്റെ ഇനങ്ങളിൽ പല വ്യതിയാനവും സംഭവിച്ചവരാണ്. തൗഹീദിന്റെ മൂന്ന് ഇനങ്ങളിലും (തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുർറുബൂബിയ്യ, തൗഹീദുൽ അസ്മാഉ വസ്വിഫാത്തി) ഗുരുതരമായ പല വിശ്വാസവും വെച്ചു പുലർത്തുന്ന സമസ്തക്കാർ ഉദാഹരണം. അതേസമയം തൗഹീദുൽ അസ്മാഉ വസ്സ്വിഫാത്തിന്റെ വിഷയത്തിൽ ഗുരുതരമായ വ്യതിയാനം സംഭവിച്ചവരാണ് മുഅ്തസിലികൾ, അശ്അരികൾ, ജഹ്മിയ്യാക്കൾ തുടങ്ങിയവർ. ഖേദകരമെന്നുപറയട്ടെ, ഈ വിഷയത്തിൽ ഇത്തരം പിഴച്ച കക്ഷികളിലേക്ക് ചേർത്തി പറയാവുന്ന ഒരു കക്ഷിയായി മടവൂരിസവും മാറിയിരിക്കുന്നു. അസ്മാഉ വസ്സ്വിഫാത്ത് (അല്ലാഹുവിന്റെ നാമ വിശേഷണങ്ങൾ) വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമായതുകൊണ്ടു തന്നെ പ്രമാണങ്ങൾക്കുള്ളിൽ ഒതുങ്ങി നിന്ന് കൊണ്ടാണ് നമ്മുടെ മുൻഗാമികൾ ഈ വിഷയത്തെ സമീപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളുടെ വിഷയത്തിൽ വന്നിട്ടുള്ള ക്വുർആനിന്റെയും സുന്നത്തിന്റെയും ഖണ്ഡിതമായ തെളിവുകളെ അവയുടെ ബാഹ്യമായ ആശയങ്ങളിൽ തന്നെ മനസ്സിലാക്കുകയും അതേസമയം അല്ലാഹുവിന്റെ മഹത്വത്തിന് യോജിച്ച വിധത്തിൽ അവയുടെ യാഥാർത്ഥ്യം നാം ഉൾകൊള്ളുകയും ചെയ്യുക എന്നതാണ് ഈ വിഷയത്തിലെ സലഫീനിലപാട്. ഇത്തരം വിഷയങ്ങളിൽ പ്രമാണങ്ങളിൽ ഭേദഗതി (തഹ്‌രീഫ്) വരുത്തുകയോ, അവയെ നിഷേധിക്കുകയോ (തഅ്ത്വീൽ) അവയെ സൃഷ്ടികളോട് ഉപമിച്ച് പറയുന്നതോ (തംഥീൽ) അവക്ക് രൂപം പറയുന്നതോ (തക്‌യീഫ്) എല്ലാം തന്നെ വഴികേടാണ് എന്നതാണ് അഹ്‌ലുസ്സുന്നയുടെ യഥാർത്ഥ വിശ്വാസം. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളുടെ കാര്യത്തിലുള്ള ചെറിയൊരു വ്യതിയാന

---

[1] http://salafivoice.com/articles/Madavoor_Vibagam_Salafikalo_1.pdf സന്ദർശിക്കുക.

ത്തെപ്പോലും നമ്മുടെ പൂർവികർ വളരെ ഗൗരവത്തോടെയായിരുന്നു കണ്ടിരുന്നത്. ഒരു ഉദാഹരണം നോക്കൂ:

‘‘അബ്ദുല്ലാഹിബ്നു വഹബിൽ നിന്നും ഉദ്ധരിക്കപ്പെടുന്നു. ഞങ്ങൾ മാലിക്ബ്നു അനസിന്റെ കൂടെയായിരിക്കെ ഒരാൾ കടന്നുവന്ന് അദ്ദേഹത്തോട് ചോദിച്ചു. അബൂഅബ്ദില്ല! അല്ലാഹു അർശിൽ ഉപവിഷ്ഠനാണല്ലോ. ഇസ്തിവാഅ് എങ്ങനെയാണ് ? ഇബ്നുവഹബ് പറയുകയാണ്. ഇത്കേട്ടപ്പോൾ ഇമാം മാലിക് തലതാഴ്ത്തി. അദ്ദേഹത്തിന്റെ നെറ്റിയിൽ നിന്ന് വിയർപ്പ് കണങ്ങൾ പൊടിയുന്നുണ്ടായിരുന്നു. പിന്നീട് തലഉയർത്തി അദ്ദേഹം പറഞ്ഞു. അല്ലാഹു അർശിൽ ഉപവിഷ്ഠനായി എന്നത് അവൻ വിശേഷിപ്പിച്ച പോലെ തന്നെയാണ്. ആ കാര്യം എങ്ങനെയെന്ന് ചോദിക്കാവതല്ല. കാരണം എങ്ങനെ എന്ന് അവനെ സംബന്ധിച്ചിടത്തോളം ഉയർത്തപ്പെട്ടതാണ്. നിങ്ങൾ ബിദഈ ചിന്താഗതിയുള്ള മ്ലേഛ വ്യക്തിയാണ്. അതിനാൽ ഇവനെ പുറത്താക്കുക. അങ്ങനെ അയാൾ പുറത്താക്കപ്പെട്ടു. (ഇമാം ബൈഹഖിയുടെ അൽഅസ്മാഉ വസ്സിഫാത്ത്: പേ: 568)

നോക്കൂ! അല്ലാഹുവന്റെ സ്വിഫത്തിന്റെ വിഷയത്തിൽ വന്ന ചെറിയൊരു വ്യതിയാനത്തെ പോലും ഇമാം മാലിക്(റഹി) എത്ര ഗൗരവമായിട്ടാണ് സമീപിച്ചത് എന്ന്! അതേസമയം സലഫികളുടെ പേരും പറഞ്ഞ് നടക്കുന്ന മടവൂരികളാവട്ടെ നമ്മുടെ മുൻഗാമികൾ വിമർശിച്ച് പുറത്താക്കിയ അതേ പിഴച്ച കക്ഷികളുടെ കൂടെയാണുള്ളത്. അല്ലാഹുവിന്റെ വിശേഷണമായി (സ്വിഫത്ത്) പ്രമാണങ്ങളിൽ വന്നതാണ് ‘നുസൂൽ’ (ഇറക്കം) എന്നത്. ധാരാളം ഹദീസുകൾ ഈവിഷയത്തിൽ വന്നിട്ടുണ്ട്. ഇമാം ബഖാരി(റഹി)ഉദ്ധരിച്ച ഒരു ഹദീസ് കാണുക:

‘‘അബൂഹുറൈറ(റ)നിവേദനം: നബി(സ്വ) പറഞ്ഞു: പരിശുദ്ധനും ഉന്നതനുമായ നമ്മുടെ റബ്ബ് എല്ലാ രാത്രിയിലും രാവിലെ മൂന്നിലൊന്നിന്റെ അവസാന ഭാഗം അവശേഷിക്കുമ്പോൾ ഒന്നാം ആകാശത്തേക്ക് ഇറങ്ങിവന്ന് പറയും: ആരെങ്കിലും എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ അവന് ഉത്തരം നൽകും. വല്ലവനും എന്നോട് പാപമോചനം തേടിയാൽ ഞാൻ അവന് പൊറുത്തുകൊടുക്കും.’’ (ബുഖാരി –തഹജ്ജുദിന്റെ അധ്യായം)

ഈ ഹദീസിൽ പരാമർശിക്കപ്പെട്ട അല്ലാഹുവിന്റെ ഇറക്കം എന്നതിനെ അപ്പടി അംഗീകരിക്കുകയല്ലാതെ അതിനെ നിഷേധിക്കാനോ വ്യാഖ്യാനിക്കാനോ രൂപം പറയാനോ പാടുള്ളതല്ല. എന്നാൽ മുഅ്തസിലീ അഖീദയുടെ ഭാന്ധവും പേറി നടക്കുന്നവർ ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് എഴുതുന്നത് നോക്കൂ!:

‘‘രാത്രിയുടെ അന്ത്യദശയിൽ ഉള്ള പ്രാർത്ഥനക്ക് കൂടുതൽ പരിഗണന അല്ലാഹു നൽകുന്നതാണ്. ഈ തത്വം ഒരുസാഹിത്യ പ്രയോഗത്തിലൂടെ അവതരിപ്പിക്കുകയാണിവിടെ. ഇത് പോലെയുള്ള പ്രയോഗങ്ങൾ ക്വുർആനിലും നമുക്ക് കാണാം. ഹദീസിനെ നിഷേധിക്കേണ്ടതില്ല’’ (സുല്ലമിയുടെ ബുഖാരി പരിഭാഷ:2/122).

സുബ്ഹാനല്ലാഹ്!! അല്ലാഹു ഇറങ്ങും എന്നത് കൊണ്ടുദ്ദേശം, രാത്രിയുടെ അന്ത്യസമയത്തെ പ്രാർത്ഥനക്ക് കൂടുതൽ പരിഗണന ലഭിക്കും എന്നതിന്റെ സാഹിത്യ ശൈലിയാണത്രെ!! അഥവാ? അല്ലാഹു ഇറങ്ങുന്നില്ല, ഇറങ്ങും എന്നത് ആലങ്കാരികമാണെന്ന് സാരം!! നോക്കൂ! അല്ലാഹുവിന്റെ ‘‘നുസൂൽ’’എന്ന സ്വിഫത്തിനെ പച്ചയായി നിഷേധിക്കുകയാണ് ഇവിടെ അദ്ദേഹം ചെയ്തിരിക്കുന്നത്. എന്നിട്ട് ഹദീസിനെ നിഷേധിക്കേണ്ടതില്ല എന്നൊരു കമന്റും പാസാക്കിയിരിക്കുന്നു. ഹദീസിൽ പറഞ്ഞ കാര്യങ്ങളെ നിഷേധിക്കലും ദുർവ്യാഖ്യാനിക്കലും തന്നെയല്ലെ ഹദീഥ് നഷേധം?! അല്ലാഹുവിന്റെ സ്വിഫാത്തുകളെ ഈ വിധത്തിൽ ദുർവ്യാഖ്യാനിച്ച് നിഷേധിച്ച് കൊണ്ടിരിക്കുന്നവർ, തങ്ങളുടെ തൗഹീദിനെ കുറിച്ച് ഒരു പുനർ വിചിന്തനം നടത്തിയാൽ നന്ന്. അല്ലാഹുവിന്റെ സ്വിഫാത്തുകളെ നിഷേധിച്ച് എന്ത് തൗഹീദാണ് മടവൂർ

വിഭാഗം പ്രചരിപ്പിക്കുന്നത്?! മടവൂരികളുടെ തൗഹീദ് ഏതായിരുന്നാലും സലഫികൾ ഉൾകൊണ്ട തൗഹീദല്ല. അത് മുഅ്തസിലികളുടേതും ജഹ്മിയ്യാക്കളുടേതുമാണ്.

''നുസൂൽ''എന്ന സ്വിഫത്തിനെ മാത്രമല്ല അല്ലാഹുവിന്റെ ''ചിരി'' എന്ന സ്വിഫത്തിനെയും ഇവർ വ്യാഖ്യാനിച്ചിട്ടുണ്ട്. മടവൂരികളുടെ അഖീദ സലഫികളുടേതല്ല എന്നതിന് മറ്റൊരു തെളിവാണിത്. അല്ലാഹുവിന്റെ ചിരിയെ പറ്റി വന്ന ഹദീസ് ആദ്യം കാണുക:

''അബൂ ഹുറൈറ (റ) നിവേദനം: നബി(സ) പറഞ്ഞു: രണ്ട് വ്യക്തികളെ നോക്കി അല്ലാഹു ചിരിക്കും. അവരിൽ ഒരാൾ മറ്റവനെ വധിക്കുന്നു. രണ്ട് പേരും സ്വർഗത്തിലെത്തുകയും ചെയ്യുന്നു. ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തു വധിക്കപ്പെടുന്നു. പിന്നീട് അയാളെ കൊന്നവന്റെ കുറ്റം അല്ലാഹു പൊറുത്തു കൊടുക്കും. അങ്ങനെ അദ്ദേഹവും അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിയാവും.'' (ബുഖാരി കിതാബുൽ ജിഹാദ്).

ഹദീസിൽ പറഞ്ഞ 'അല്ലാഹു ചിരിക്കും' എന്നതിനെ അങ്ങനെ തന്നെ മനസ്സിലാക്കലാണ് സലഫീ ആദർശം. അതിനെ വ്യാഖ്യാനിക്കുന്നത് അശ്അരീ, മുഅ്ത്തസിലീ വിശ്വാസമാണ്. എന്നാൽ മടവൂർ വിഭാഗം ഈ ഹദീസിനെ കുറിച്ച് എഴുതിയത് നിങ്ങൾ കാണുക. അപ്പോൾ നിങ്ങൾക്ക് മനസ്സിലാവും മടവൂരികൾ സലഫികളാണോ അതോ മറ്റ് വല്ലതുമാണോ എന്ന്. അവർ എഴുതുന്നു:

''ചിരിക്കുക എന്നതുകൊണ്ട് വിവക്ഷ അല്ലാഹുവിന്റെ സന്തോഷവും സംതൃപ്തിയുമാണ്'' (സുല്ലമിയുടെ ബുഖാരി പരിഭാഷ.3/34)

അല്ലാഹുവിൽ അഭയം! അല്ലാഹുവിന്റെ ചിരി എന്ന സ്വിഫത്തിനെ പച്ചയായി വ്യാഖ്യാനിച്ചിരിക്കുകയാണിവിടെ. ഇതൊരിക്കലും സലഫുകളുടെ മാർഗമല്ല. ചിരി എന്ന് പറഞ്ഞാൽ ചിരി എന്ന് തന്നെ മനസ്സിലാക്കണം. അതിനെ സന്തോഷവും സംതൃപ്തിയുമായി വിവക്ഷിക്കുന്നത് തികഞ്ഞ വഴികേടാണ്. അത് കൊണ്ട് തന്നെ, മുജാഹിദുകളെ നവയാഥാസ്ഥിതികരാക്കാൻ നാവിട്ടടിച്ച് നടക്കുന്ന മടവൂരികൾ ഇത്തരം പിഴച്ച വാദങ്ങൾ പിൻവലിച്ച് തൗബ ചെയ്യുകയാണ് ആദ്യം ചെയ്യേണ്ടത്. എന്നിട്ട് പോരേ മുജാഹിദുകളുടെ തൗഹീദ് അളക്കൽ!?

ഇതൊക്കെ അബദ്ധത്തിൽ വന്ന് പോയതാവും, ഇതൊക്കെ ഇത്ര കാര്യമാക്കാനുണ്ടോ എന്ന് ആരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ അവർക്ക് തെറ്റി. അല്ലാഹുവിന്റെ സ്വിഫാത്തുകളെ വ്യാഖ്യാനിക്കുകയും നിഷേധിക്കുകയും ചെയ്യുന്നത് ഇവരുടെ ആദർശം തന്നെയാണ് എന്നാണ് മനസ്സിലാവുന്നത്. ഒരു ഉദാഹരണം കൂടി കാണുക:

''നബി(സ്വ)പറഞ്ഞു. അല്ലാഹു സൃഷ്ടികളെയെല്ലാം സൃഷ്ടിച്ചു. അതിൽ നിന്ന് വിരമിച്ചപ്പോൾ കുടുംബബന്ധം എണീറ്റ് നിന്ന് അല്ലാഹുവിന്റെ ''ഹഖ്വ്''(ഊര) പിടിച്ചു. അല്ലാഹു പറഞ്ഞു. വിടുക! കുടുംബബന്ധം പറഞ്ഞു. കുടുംബബന്ധം മുറിക്കുന്നതിൽ നിന്ന് നിന്നെക്കൊണ്ട് രക്ഷ തേടുന്നവന്റെ സ്ഥാനമാണിത്. അല്ലാഹു ചോദിച്ചു. നിന്നെ ചേർത്തവനോട് ഞാൻ ബന്ധം ചേർക്കും. നിന്നെ മുറിച്ചവനോട് ഞാനും ബന്ധം മുറിക്കുന്നതാണ് എന്നത് നിന്നെ തൃപ്തിപ്പെടുത്തുന്നില്ലേ? കുടുംബബന്ധം പറഞ്ഞു. അതെ! അല്ലാഹു പറഞ്ഞു. അപ്രകാരം തന്നെയാണ് കാര്യം. അബൂഹുറൈറ പറഞ്ഞു. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്രകാരം പാരായണം ചെയ്യുക. എന്നാൽ നിങ്ങൾ കൈകാര്യകർതൃത്വം ഏറ്റെടുക്കുകയാണെങ്കിൽ ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും നിങ്ങളുടെ കുടുംബ ബന്ധങ്ങൾ വെട്ടിമുറിക്കുകയും ചെയ്തേക്കുമോ? (മുഹമ്മദ്:22) (ബുഖാരി – കിതാബുതഫ്സീർ. സൂറ: മുഹമ്മദിന്റെ വ്യാഖ്യാനം)

ഈ ഹദീസിൽ വന്ന ''ഹഖ്‌വുറഹ്മാൻ'' (അല്ലാഹുവിന്റെ ഊര) എന്നത് അവന്റെ ഒരു വിശേഷണം (സ്വിഫത്ത്) ആണ്. അതേപടി അംഗീകരിക്കലാണ് സലഫുകളുടെ രീതി. അതിനെ വ്യാഖ്യാനിക്കുകയോ നിഷേധിക്കുകയോ ഇല്ല. എന്നാൽ മുഅ്തസിലത്തും ജഹ്മിയ്യത്തും ആദർശമായി സ്വീകരിച്ച മടവൂരികൾ അല്ലാഹുവിന്റെ ഈ സ്വിഫത്തിനെ അപ്പടി നിഷേധിച്ചിരിക്കുകയാണ്! ഈ ഹദീസിനെ വിശദീകരിച്ച് മടവൂരികൾ എഴുതുന്നത് കാണുക:

''ഒരു മഹത്തായ തത്വം അലങ്കാര പ്രയോഗത്തിലൂടെ അവതരിപ്പിക്കുകയാണ്. ഖുർആനിലും ഈ ശൈലി കാണാം. അല്ലാഹുവിന് അരയും ചന്തിയുമുണ്ടെന്ന് ഉദ്ദേശമില്ല'' (സുല്ലമിയുടെ ബുഖാരി പരഭാഷ:3/480)

നോക്കൂ! നബി(സ്വ) പഠിപ്പിച്ച അല്ലാഹുവിന്റെ ഒരു വിശേഷണം (സ്വിഫത്ത്) ആണിവിടെ പച്ചയായി മടവൂരികൾ നിഷേധിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ സ്വിഫത്തുകളെ നിഷേധിക്കുന്നവരെ കുറിച്ച് നമ്മുടെ പൂർവ്വികർ എത്ര ശക്തമായാണ് പ്രതികരിച്ചിട്ടുള്ളത് എന്നറിയാൻ, ഇമാം ബുഖാരിയുടെ ഉസ്താദായ നുഐമ്ബ്നു ഹമ്മാദ്(റഹി)യുടെ വരികൾ മാത്രം മതിയാവുന്നതാണ്. അദ്ദേഹം പറയുന്നു:

''ആരെങ്കിലും അല്ലാഹുവിനെ അവന്റെ ഏതെങ്കിലും ഒരു സൃഷ്ടിയുമായി സാദൃശ്യപ്പെടുത്തിയാൽ അവൻ കാഫിറായി. അത് പോലെ അല്ലാഹു അവനെ സംബന്ധിച്ച് സ്വയം വിശേഷിപ്പിച്ച ഏതെങ്കിലും വിശേഷണത്തെ തള്ളിപ്പറഞ്ഞാലും അവൻ കാഫിറായി. അല്ലാഹുവും അവന്റെ റസൂലും(സ്വ) അല്ലാഹുവിനെ സംബന്ധിച്ച് വിശേഷിപ്പിച്ച ഒരു വിശേഷണത്തിലും യാതൊരു സാദൃശ്യവുമില്ലതന്നെ.'' (ശർഹുൽ അഖീദത്തിത്വഹാവിയ്യ.പേ:177)

മടവൂരികൾ നൂറുവട്ടം വായിച്ചു പഠിക്കേണ്ട വരികളാണിതൊക്കെ. സലഫികളാണെന്ന് വായിട്ടടിച്ച് നടക്കുന്നതല്ലാതെ സലഫീ ആദർശത്തിന്റെ അടിസ്ഥാനമെന്താണെന്ന് പോലും മടവൂരികൾ മനസ്സിലാക്കിയിട്ടില്ല എന്നതിന് തെളിവാണിത്. അഖീദയുടെ വിഷയത്തിൽ സലഫീ പണ്ഡിതന്മാരുടെ ഒരു ഗ്രന്ഥവും മടവൂരികൾ പഠിച്ചിട്ടില്ല എന്നതാണ് സത്യം.

എന്തിനധികം, ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽ വഹാബ്(റഹി)യുടെ ''കിതാബുതൗഹീദ്'' എങ്കിലും മടവൂരികൾക്കൊന്ന് പഠിക്കാമായിരുന്നു. മഹാനവർകൾ ''അല്ലാഹുവിന്റെ നാമവിശേഷണങ്ങളിൽ നിന്ന് എന്തെങ്കിലും നിഷേധിക്കുന്നവൻ'' എന്ന അധ്യായത്തിൽ പറയുന്നത്, അല്ലാഹുവിന്റെ നാമ വിശേഷണങ്ങളിൽ നിന്ന് എന്തെങ്കിലും ആരെങ്കിലും നിഷേധിച്ചാൽ അവന് ഈമാൻ ഇല്ല എന്നാണ് (ഫത്ഹുൽ മജീദ് ശർഹു കിതാബി തൗഹീദ് പേ: 396)

അപ്രകാരം തന്നെ ഇബ്നു ഖുസൈമ(റഹി) തന്റെ ''അത്തൗഹീദ്'' എന്ന ഗ്രന്ഥത്തിൽ അല്ലാഹുവിന്റെ സ്വിഫാത്തുകളെ കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ പറഞ്ഞ കാര്യവും മടവൂരികളൊന്ന് പഠിക്കട്ടെ. അദ്ദേഹം പറയുന്നു:

''അത് കൊണ്ട് ബുദ്ധിമാൻമാരേ, ഈ അദ്ധ്യായത്തിൽ രണ്ടു കൈകളെ കുറിച്ച് നാം പറയുന്നതിനെ പറ്റി നിങ്ങൾ ചിന്തിക്കുക. മുഖം, രണ്ടു കണ്ണുകൾ, എന്നിവയെ പറ്റി നാം പറഞ്ഞതു പോലെ തന്നെ. അല്ലാഹുവിന്റെ മാർഗ്ഗ ദർശനത്തെ കുറിച്ച് നിങ്ങൾ ഉറച്ച് വിശ്വസിക്കുക. ഉന്നതനും ശ്രേഷ്ടനുമായവൻ (അല്ലാഹു) അത് വിവരിച്ചിരിക്കുന്നു. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ വിവരിച്ചു തന്നതിൽ നിങ്ങളുടെ ഹൃദയങ്ങൾ വശ്വാസമർപ്പിക്കുക. നമ്മുടെ സ്രഷ്ടാവിന്റെ സ്വിഫത്തുകളെ കുറിച്ച് തന്റെ പ്രവാചകന്റെ നാവു മുഖേന അവൻ വിവരിക്കുന്നതിലും നിങ്ങൾ വിശ്വസിക്കുക. ഈ വിഷയത്തിൽ നമ്മുടെ അഭിപ്രായമാണ് യഥാർത്ഥവും ശരിയും നീതി യുക്തമായിട്ടുള്ളതും. അതെ, അഹ്ലുൽ ആസാറിന്റെയും സുന്നത്ത് പിന്തുടരുന്നവരുടെയും അഭിപ്രായം. അതിൽ സാമ്യതയുണ്ടാക്കുന്നവരുടെ വിഢ്ഢിത്തത്തെ നിങ്ങൾ ഉപേക്ഷി

ക്കുക. വിശേഷണ നിഷേധികളായ ജഹ്മിയാക്കൾ സാമ്യതപ്പെടുത്തുന്ന കാര്യത്തിൽ വിവരം കെട്ടവർ തന്നെയാണ്.'' (അത്തൗഹീദ് 1/193)

അപ്രകാരം തന്നെ ഇമാം ഇബ്നു തീമിയ്യ(റഹി)യുടെ അഖീദയുടെ വിഷയത്തിലുള്ള എല്ലാ ഗ്രന്ഥങ്ങളിലും സ്വിഫാത്തുകളെ നിഷേധിക്കുന്നവർക്കെതിരെ ആഞ്ഞടിച്ചതായി കാണാനാവും (അദ്ദേഹത്തിന്റെ ബയാനു തൽബീസിൽ ജഹ്മിയ്യ എന്ന ഗ്രന്ഥം ഉദാഹരണം.) അദ്ദേഹത്തിന്റെ ശിഷ്യൻ ഇമാം ഇബ്നുൽ ഖയ്യിം(റഹി)യുടെ ''അസ്സ്വവാഇകുൽ മുർസല'' എന്ന ഗ്രന്ഥത്തിലും ഈ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ഇതൊന്നും പഠിക്കാതെ, സലഫീ വിരുദ്ധ ആശയവും പേറി നടന്ന് തങ്ങളും സലഫികളാണെന്ന് പെരുമ്പറയടിച്ച് നടക്കുന്നതു കൊണ്ടൊന്നും ആരും സലഫിയാകാൻ പോവുന്നില്ല എന്ന് മടവൂരികൾ ഇനിയെങ്കിലും തിരിച്ചറിഞ്ഞാൽ നന്ന്.

ഇതിനൊക്കെ പുറമെ, അല്ലാഹുവിന്റെ കൈ എന്ന സ്വിഫത്തിനെയും വ്യാഖ്യാനിക്കുന്നവരാണ് മടവൂരികൾ. മടവൂരികളുടെ അഖീദ വെള്ളം കലരാത്ത മുഅ്തസിലത്തും ജഹ്മിയ്യത്തുമാണെന്നതിന്റെ മറ്റൊരു തെളിവു കൂടിയാണിത്. അല്ലാഹുവിന്റെ കൈകളെ കുറിച്ച് കൈകൾ എന്നാൽ അനുഗ്രഹമെന്നാണു അർത്ഥമെന്നു വാദിക്കുന്ന ജഹ്മിയ്യാക്കൾക്ക് മറുപടി പറഞ്ഞു കൊണ്ട് ഇമാം ഇബ്നു ഖുസൈമ(റഹി) പറഞ്ഞകാര്യം ആദ്യം കാണുക. അദ്ദേഹം പറയുന്നു:

''ജഹ്മിയ്യാക്കൾ വാദിക്കുന്നത് ''എന്നാൽ അവന്റെ രണ്ട് കൈയ്യും നീട്ടി പിടിച്ചതാണ്'' എന്ന ആശയത്തിന്റെ ഉദ്ദേശം അവന്റെ രണ്ടനുഗ്രഹങ്ങൾ എന്നാണെന്നാണ്. ഇത് മാറ്റിമറിക്കലാണ്. വിവരിക്കലല്ല. അവരുടെ ഈ വാദത്തെ നിഷേധിക്കാനുള്ള തെളിവ് ഇതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അനവധിയുണ്ട്. അല്ലാഹുവിനല്ലാതെ അത് കണക്കാക്കാനാവില്ല. അല്ലാഹുവിന് രണ്ട് കൈകളാണ് ഉള്ളത്. അതിനേക്കാൾ അധികമില്ല.... ബുദ്ധിയുള്ളവർ ചിന്തിക്കുന്നില്ലേ. ജഹ്മികൾ വാദിക്കുന്ന ഈ വാദം വിഢ്ഡിത്തമാണ്. അല്ലെങ്കിൽ വിഢിത്തത്തേക്കാൾ വലിയ വിഢിത്താഭിനയമാണ്.''(അത്തൗഹീദ്:1/147)

നോക്കൂ, അല്ലാഹുവിന്റെ ഇരു കരങ്ങളും നീട്ടപ്പെട്ടതാണെന്ന ഖുർആനിന്റെ പരാമർശത്തെ അനുഗ്രഹം എന്നർത്ഥം പറഞ്ഞതിനെയാണ് ഇമാം അവർകൾ ഖണ്ഡിക്കുന്നത്. കൈകൾ എന്നാൽ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ തന്നെ ഉൾകൊള്ളണം എന്ന് സാരം. എന്നാൽ ഇതേ ജഹ്മിയത്താണ്, ഖുബൂരികളെ പോലെ മടവൂരികളും ഇവിടെ പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ കൈകളെ കുറിച്ച് റസൂൽ(സ്വ) പറയുന്നത് ആദ്യം കാണുക: അവിടുന്നു പറഞ്ഞു:

''നിശ്ചയം അല്ലാഹു രാത്രിയിൽ അവന്റെ കൈ നീട്ടും. പകലിലെ കുറ്റവാളിയുടെ പശ്ചാതാപം സ്വീകരിക്കാനായിട്ട്. പകലിൽ അവൻ കൈ നീട്ടും. രാത്രിയിലെ കുറ്റവാളികളുടെ പശ്ചാതാപം സ്വീകരിക്കാൻ. സൂര്യൻ പടിഞ്ഞാറു നിന്ന് ഉദിക്കുന്നത് വരെ ഇത് തുടരും.''(മുസ്‌ലിം)

ഹദീസിൽ പറഞ്ഞ 'അല്ലാഹു കൈനീട്ടും' എന്നതിനെ അങ്ങനെതന്നെ മനസ്സിലാക്കണം. കൈ നീട്ടുന്നതിനെ വ്യാഖ്യാനിക്കുന്നത് ജഹ്മികളാണെന്ന് നാം കണ്ടു. എന്നാൽ മടവൂരികൾ തങ്ങളിലെ ജഹ്മിയ്യത്ത് വ്യക്തമായും വെളിവാക്കിയിരിക്കയാണിവിടെ. ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് അവരെഴുതുന്നത് നോക്കൂ:

''ഇത് ഒരു സാഹിത്യപ്രയോഗമാണ്. തെറ്റ്ചെയ്യുന്ന മനുഷ്യന്മാർക്ക് അല്ലാഹുവിനോട് നേരിട്ട് പശ്ചാതപിച്ച് മടങ്ങാമെന്നും ഇടയാളന്മാരുടെ ആവശ്യമില്ലെന്നുമുള്ള തത്വത്തിന്റെ പ്രാധാന്യമാണ് ഹദീഥ് പഠിപ്പിക്കുന്നത്''(സുല്ലമിയുടെ രിയാളുസ്സാലിഹീൻ പരിഭാഷ.2/44)

സുബ്ഹാനല്ലാഹ്! അല്ലാഹു കൈനീട്ടും എന്നത് യാഥാർത്ഥ്യമല്ല, മറിച്ച് സാഹിത്യ പ്രയോഗമാണത്രേ! സാഹിത്യ പ്രയോഗം എന്ന് പറഞ്ഞ് നിർത്തിയില്ല, അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥി

ക്കാം എന്ന തത്വമാണത്രേ അതുകൊണ്ടുദ്ദേശം! അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥിക്കണം എന്നതിന് ഇതല്ലാത്ത ശതക്കണക്കിന് തെളിവുകൾ ക്വുർആനിലും ഹദീസിലുമുണ്ട്. ഇവിടെ നബി (സ്വ) പഠിപ്പിച്ച അല്ലാഹുകൈനീട്ടും എന്ന സംഗതി അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥിക്കാം എന്ന് ആലങ്കാരികമായി പറഞ്ഞതല്ല. മറിച്ച് അത് യാഥാർത്ഥ്യം തന്നെയാണ്. അതിനെ സാഹിത്യ പ്രയോഗമെന്ന് പറയുന്നവർ മുഅ്തസിലികളോ ജഹ്മികളോ ആണ്. അവരേതായാലും സലഫിയാവാൻ വഴിയില്ല തന്നെ. ആല്ലാഹു അവന്റെ കൈനീട്ടും എന്നത് മട വൂരികളുടെ ''മഹാബുദ്ധിക്ക്'' യോജിക്കാഞ്ഞിട്ടായിരിക്കാം അവർ അതിനെ സാഹിത്യ പ്രയോ ഗമാക്കിയത്. എന്നാൽ വായനക്കാർ ശരിക്കും ഗ്രഹിക്കേണ്ട മറ്റൊരു സംഗതി അല്ലാഹുവിന്റെ സ്വിഫാത്തുകളെ ഇത്തരത്തിൽ ദുർവ്യാഖ്യാനിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന മടവൂരി കളുടെ അതേനിലപാട് തന്നെയാണ് ഈ വിഷയത്തിൽ കേരളത്തിലെ സകല ക്വുബൂരി കൾക്കും മൗദൂദികൾക്കുമുള്ളത് എന്നാണ്. അഥവാ സ്വിഫാത്തിന്റെ വിഷയത്തിൽ മടവൂരി കളും ക്വുബൂരികളും മൗദൂദികളും ഇപ്പോൾ ഒരേതട്ടിലാണന്ന് സാരം. ഇനി, അല്ലാഹുവിന്റെ സ്വിഫാത്തുകളെ നിഷേധിക്കുന്ന ക്വുബൂരി വരികൾ കാണുക:

''അല്ലാഹുവിന് സൃഷ്ടികളുടെ വിശേഷണങ്ങൾ നൽകാൻ പാടില്ലെന്നത് മുസ്ലിം ലോകം അംഗീകരിച്ചതാണ്. എന്നാൽ കണ്ണ്, കൈ, കാൽ പോലുള്ള അവയവങ്ങൾ അല്ലാഹുവി നുണ്ടെന്ന വാദക്കാരനാണ് ഇബ്നു തൈമിയ്യ.'' (മതഗ്രന്ഥങ്ങളിലെ തിരിമറികൾ അലവി സഖാ ഫി. പേ:27)

വീണ്ടും എഴുതുന്നു: ''അല്ലാഹുവിന് കൈയ്യുണ്ടെന്നും മുഖമുണ്ടെന്നും അവൻ ആകാശത്തിൽ അർശിൽ ഉപവിഷ്ഠനാണെന്നുമൊക്കെ എഴുതുകയും പരസ്യമായി പ്രസംഗിക്കുകയും ചെയ്യു മ്പോൾ അതു വരുത്തി വെക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഊഹിക്കാവുന്നതേ യുള്ളു''(സുന്നീ വോയ്സ്. 2007 മെയ്.1–15)

സ്വിഫാത്തിനെ നിഷേധിക്കുന്ന ക്വുബൂരികളുടെ വരികൾക്ക് പുറമെ ഈവിഷയത്തിൽ മൗദൂദി കളുടെ നിലപാട് എന്തെന്നറിയാൻ ഒരു ഉദ്ധരണി മാത്രം കാണുക:

''അർശുല്ലാഹ്– അല്ലാഹുവിന്റെ സിംഹാസനം എന്നത് അല്ലാഹുവിന്റെ അനുപമമായ അധികാര ത്തിന്റെയും നിയന്ത്രണ ശക്തിയുടെയും പ്രതീകമായിട്ടാണ് ക്വുർആനിലും ഹദീസിലും ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. അതിന് അല്ലാഹു ഗംഭീരമായ ഒരു സിംഹാസനമുണ്ടാക്കി അതിൽ കയറി സ്വസ്ഥനായി ഇരിക്കുകയാണ് എന്ന് അർത്ഥം കൽപ്പിക്കുന്നത് ശരിയായിരിക്കില്ല.''(പ്ര ശ്നങ്ങൾ വീക്ഷണങ്ങൾ ടി.കെ. ഉബൈദ്. പേ:64.)

കണ്ടല്ലോ അല്ലാഹുവിന്റെ 'ഇസ്തിവാഅ്' എന്ന സ്വിഫത്തിനെയാണിവിടെ മൗദൂദികൾ നിഷേ ധിച്ചിരിക്കുന്നത്. ഇങ്ങനെ സ്വിഫാത്തുകളെ നിഷേധിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ജഹ്മിയ്യാക്കളും മുഅ്തസിലുകളും അവരിൽനിന്ന് വളം സ്വീകരിച്ച് വളർന്ന കേരളത്തിലെ ക്വുബൂരി–മൗദൂദികളും ഇവരുടെ കൂട്ടത്തിലേക്ക് ആണ് മടവൂരികളും ഇപ്പോൾ കടന്ന് ചെന്നിട്ടു ള്ളത്. അതുകൊണ്ടുതന്നെ മടവൂരീസത്തിന്റെ മുഅ്തസിലീ–ജഹ്മീ മുഖം എത്ര മറക്കാൻ ശ്രമി ച്ചിട്ടും ഇനി കാര്യമില്ല എന്ന് മടവൂരികളെ ഓർമപ്പെടുത്തുകയാണ്. മടവൂരികളുടെ തൗഹീദും ആദർശവും സലഫികളുടെ തൗഹീദും ആദർശവുമായി വലിയ അന്തരമുണ്ട്. അസ്മാഉ വസ്വി ഫാത്തിന്റെ വിഷയം മാത്രമേ ഇവിടെ നാം ചർച്ച ചെയ്തിട്ടുള്ളൂ. സലഫികളുമായി മടവൂരികൾ വേർതിരിയുന്ന നിരവധി വിഷയങ്ങൾ വരാനിരിക്കുന്നു. ഇൻശാഅല്ലാ. അപ്പോൾ നിങ്ങൾക്കും ബോധ്യമാവും മടവൂരിസമെന്നത്, മുഅ്തസിലത്തും സൂഫിസവും, ജഹ്മിയ്യത്തും ചേകനൂരി സവും കൂടികലർന്ന ഒരു ''സാമ്പാർ ഇസ''മാണ് എന്നത്.